11146
26/7/16

# കേരളസർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന്, 2016-17 അദ്ധ്യയന വർഷം മുതൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം (NOC) നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ(എംഎസ്)121/2016/പൊ.വി.വ.  തിരുവനന്തപുരം, തീയതി:25/07/2016

---

പരാമർശം: 1. കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന്റെ ഡയറക്ടറുടെ 18.3.2016-ലെ CRC-K/Acad.16/NOC/2015-16 നമ്പർ കത്ത്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.03.2016-ലെ എം1/20994/16/ഡി.പി.ഐ നമ്പർ കത്ത്

## ഉത്തരവ്

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന് 2016-17 അദ്ധ്യയന വർഷം മുതൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധന പ്രകാരം സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപന ഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന, പരാമർശം (1) കത്ത് പ്രകാരം അപേക്ഷിച്ചു.

2. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിന് ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിന് നിരാക്ഷേപ പത്രം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോഴിക്കോട് കോമ്പസിറ്റ്

റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന്, 2016-17 അദ്ധ്യയന വർഷം മുതൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം (NOC) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**എ.പി.എം.മുഹമ്മദ് ഹനീഷ്**
ഗവ.സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത്
ഡിസെബിലിറ്റീസ് (സി.ആർ.സി), IMHANS Campus,
മെഡിക്കൽ കോളേജ്.പി.ഒ, കോഴിക്കോട് - 673008
പൊതുഭരണ (എസ്.സി)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്

2\

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-07-2016.

ഫയൽ നം.510839/ആർ.2/2016/പൊ.വി.വ. ഇനം നം: 106

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് എന്ന സ്ഥാപനത്തിന് 2016-17 അധ്യയന വർഷം മുതൽ ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ) & (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകുന്നത്.

28) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് എന്ന സ്ഥാപനത്തിന് 2016-17 അധ്യയന വർഷം മുതൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന്, RCI-യുടെ നിബന്ധന പ്രകാരം സംസ്ഥാന സർക്കാരിന്റെ NOC (നിരാക്ഷേപ പത്രം) നൽകുന്നത് സംബന്ധിച്ചാണ് കുറിപ്പിലെ വിഷയം.

2. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന് 2016-17 അധ്യയന വർഷം മുതൽ RCI-യുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ASD) &ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (CP) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിബന്ധന പ്രകാരം എൻ.ഒ.സി. നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപന ഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു.

3. കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിന് ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിന് നിരാക്ഷേപ പത്രം നൽകുന്ന കാര്യം പരിഗണനക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

4. പ്രസ്തുത സ്ഥാപനത്തിന് ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് No Objection

Certificate (നിരാക്ഷേപ പത്രം) നൽകണമെന്ന ആവശ്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി) എന്ന സ്ഥാപനത്തിന്, 2016-17 അധ്യയന വർഷം മുതൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ), ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ (സെറിബ്രൽ പാൾസി) എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് RCI-യുടെ നിബന്ധന പ്രകാരം, നിരാക്ഷേപ പത്രം (NOC) നൽകാമോ?